# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഓൺലൈൻ വ്യാപാരം</u>

T5365 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വ്യാപാര സംവിധാനം കേരളത്തിൽ നിർത്തലാക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർത്തലാക്കിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓൺലൈൻ വ്യാപാരം പുന:സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഓൺലൈൻ വ്യാപാരം എന്നത്തേയ്ക്ക് പുന:സ്ഥാപിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ബൗദ്ധിക സ്വത്തവകാശനയം

T5366 ശ്രീ. പി. കെ. ബഷീര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനം ഒരു ബൗദ്ധിക സ്വത്തവകാശനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കില്‍ അതിന്റെ വിശദവിവരം നല്കുമോ;

(ബി) ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിന് ഏതെല്ലാം നിയമങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നും ഇതുപ്രകാരം ഏതെല്ലാം ഏജന്‍സികളാണ് നടപടി സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തില്‍ സംസ്ഥാനത്തിന്റേതായ നിയമനിര്‍മ്മാണം ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നല്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

5367 ശ്രീ. എം. എ. ബേബി
,, ജെയിംസ് മാത്യൂ
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വിഭവസമാഹരണത്തിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടിൽ ചെലവ് ചുരുക്കലിനായി എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്നും ഇതിന്മേൽ നിലപാട് എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലകളിലേയും കോളേജുകളിലേയും ഫീസ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുന്നത് സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ദോഷകരമായി ബാധിക്കുമെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ ധനകാര്യ സ്ഥാപനങ്ങള്‍</u>

5368 ശ്രീ. സി. ദിവാകരന്‍
,, ചിറ്റയം ഗോപകുമാര്‍
,, പി. തിലോത്തമന്‍
ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വായ്പാ നയം സംബന്ധിച്ച് റിസര്‍വ്വ് ബാങ്ക് നിബന്ധനകള്‍ പാലിക്കാതെ സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ; എങ്കില്‍ ഇത്തരം ധനകാര്യ സ്ഥാപനങ്ങള്‍ക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക മേഖലയുടെ വികസനത്തിനായി പാക്കേജുകള്‍</u>

5369 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വരുമാന വര്‍ദ്ധനയ്ക്കായി സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; ഓരോ വകുപ്പിലും പ്രത്യേകം പ്രത്യേകം നടപ്പിലാക്കിവരുന്ന നടപടികള്‍ സംബന്ധിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിലെ ബഡ്ജറ്റിലെ നികുതി നിര്‍ദേശങ്ങള്‍ എന്തെല്ലാമാണ്; എത്ര വരുമാനവര്‍ധനവാണ് അതിലൂടെ ലക്ഷ്യമിടുന്നത് വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ആസ്തിവികസന ഫണ്ടിന്റെ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം</u>

5370 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണിഹാജി
,, കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിന്റെയും അതിന്റെ വിനിയോഗത്തിന്റെയും കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതുപ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടാകുന്നത് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ;

(സി) പദ്ധതി നിർദ്ദേശങ്ങളിൽ ഭരണാനുമതി ലഭിക്കാൻ എത്രയെണ്ണം പെന്റിംഗിലുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

## അധികമായി തുക ആവശ്യപ്പെട്ട വകുപ്പുകൾ

5371 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ലെ ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ അധികമായി തുക ആവശ്യപ്പെട്ട വകുപ്പുകൾ ഏതെല്ലാം; ബഡ്ജറ്റ് തുക എത്രയായിരുന്നു; അധികമായി അനുവദിച്ച തുക എത്രയായിരുന്നു; വകുപ്പ് തിരിച്ച് മറുപടി ലഭ്യമാക്കാമോ;

(ബി) 2013-14 ലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) 31.03.2011 ലെ ഓരോവകുപ്പുകളിലെയും ചെലവഴിച്ച തുകയും ബാക്കി ശേഷിക്കുന്ന തുകയും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ;

(ഡി) 31.03.2011-ലെ കണക്ക് പ്രകാരം വിവിധ ഹെഡുകളിലായി എത്ര തുക ടാക്സ് ഇനത്തിൽ പിരിച്ചിരുന്നു;

(ഇ) 31.03.2011-ലെ കണക്ക് പ്രകാരം ട്രഷറി ബാലൻസ് എത്രയായിരുന്നു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

5372 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളുടെ നിലവിലത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഇനി ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികളുടെ സമയബന്ധിത നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട പ്രത്യേക സമിതിയുടെ പ്രവർത്തന രീതിയും പുരോഗതിയും വിശദമാക്കുമോ;

(ഇ) എത്ര ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ/പദ്ധതികളുടെ സമയബന്ധിത നിർവ്വഹണം സാധ്യമാക്കുന്നതിന് പ്രത്യേക കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ടെന്ന കാര്യം വിശദമാക്കുമോ; ഇപ്രകാരം കമ്മിറ്റി പരിഗണിച്ച ഓരോ പദ്ധതിയുടേയും വിവരങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നിർവ്വഹണം അനിയന്ത്രിതമായി വൈകുന്ന രീതി ഒഴിവാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ക്രിയാത്മക ഇടപെടലുകൾ എന്തെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പൊതുചെലവ് കുറയ്ക്കുന്നതിനായി നടപടികൾ</u>

5373 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുചെലവ് കുറയ്ക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പൊതുചെലവ് കുറയ്ക്കൽ നടപടികളുടെ ഫലമായി ഓരോ വകുപ്പിലും എത്ര ശതമാനം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടെന്ന വിവരം വകുപ്പുതിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

2006 –07 മുതൽ 2013 –2014 വരെയുള്ള മൂലധന ചെലവിനായി നീക്കിവെച്ച തുക

5374 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 –2007 മുതൽ 2013 –14 വരെ മൂലധനച്ചെലവിനായി ഓരോവർഷവും നീക്കിവെച്ച തുക എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ മൂലധനച്ചെലവിനായി ഏതെല്ലാം ബദൽ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും പണം കണ്ടെത്തുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ഏജൻസിയിൽ നിന്നും കിട്ടിയ ഗ്രാന്റ്, വായ്പ, മറ്റു തരത്തിലുള്ള ധനസഹായങ്ങൾ എത്ര തുക വീതമാണെന്നും കൊടുത്തുതീർക്കേണ്ടുന്ന തുകകൾ എത്ര വർഷം കൊണ്ടാണ് കൊടുത്തുതീർക്കേണ്ടതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പദ്ധതി നിർവഹണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി</u>

5375 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പദ്ധതി നിർവ്വഹണത്തിൽ വളരെ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യ വികസന മേഖലയിലെ</u>
<u>വൻകിട പദ്ധതികൾ</u>

5376 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ, അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി വകയിരുത്തപ്പെട്ട മൊത്തം തുക എത്ര; ഇതിൽ ഇതിനകം ചെലവഴിച്ച തുക എത്ര; അവ ഏതെല്ലാം വൻകിട പദ്ധതികൾക്കാണ്;

(ബി) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ ഏതെല്ലാം വൻകിട പദ്ധതികൾക്കായിരുന്നു വിഹിതം വെച്ചിട്ടുണ്ടായിരുന്നത്; ഈ പദ്ധതിയിൽ ഓരോന്നും പൂർത്തീകരിക്കുന്നതിന് യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന മൊത്ത ചെലവ് എത്ര കോടി വീതമാണ്; അവശേഷിക്കുന്ന തുക ഓരോ പദ്ധതിക്കും ഏതെല്ലാം നിലയിൽ കണ്ടെത്താനുദ്ദേശിക്കുന്നു?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

''മിഷൻ 676''ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

5377 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പ്രഖ്യാപിച്ച ''മിഷൻ 676'' ൽ ഉൾപ്പെടുത്തി ധനകാര്യവകുപ്പുമന്ത്രിയുടെ ഭരണചുമതലയുള്ള ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തു തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

പദ്ധതി വിഹിതത്തിന്റെ വകമാറ്റി ചെലവഴിക്കൽ

5378 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര രൂപയുടെ വാർഷിക പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ എത്ര ശതമാനം തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പിനും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ഡി) പദ്ധതിവിഹിതത്തിന് അതീതമായി തുക ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാമാണെന്നും അധികമായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ;

(ഇ) സർക്കാർ ഉത്തരവുകൾ മുഖാന്തിരമോ അല്ലാതെയോ ഏതെങ്കിലും വകുപ്പുകൾ വകമാറ്റി തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) പദ്ധതി വിഹിതം ചെലവഴിക്കാതിരിക്കുന്നതും അധികമായി ചെലവഴിക്കുന്നതും വകമാറ്റി ചെലവഴിക്കുന്നതുമായ പ്രവണത വർദ്ധിച്ചുവരുന്നത് ധനകാര്യ നിർവഹണത്തിലെ പരാജയത്തെയല്ലേ സൂചിപ്പിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം</u>

5379 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വ്യാപാരികൾക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) വ്യാപാരികൾക്ക് യഥാസമയം സഹായം ലഭ്യമാക്കുന്നതിന് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

എം. എൽ. എ. – എസ്. ഡി. എഫ്. പ്രവർത്തികൾ
ഇൻസ്പെക്ഷൻ/മോണിറ്ററിംഗ് നടത്താൻ വ്യവസ്ഥ

5380 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. – എസ്. ഡി. എഫ്. പ്രവൃത്തികൾ ഇൻസ്പെക്ഷൻ/മോണിറ്ററിംഗ് നടത്താൻ നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളത്; വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രവൃത്തി പൂർത്തിയായിട്ട് സമയബന്ധിതമായി ഇൻസ്പെക്ഷൻ നടക്കാത്തതിനാൽ മറ്റ് നടപടികൾ നീങ്ങാത്ത പ്രവൃത്തികൾ കൂടുതലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ ഇങ്ങനെ തീർപ്പാകാത്ത എത്ര പ്രവൃത്തികളുണ്ടെന്നത് പ്രവൃത്തി, ഏത് വർഷത്തെ പ്രവൃത്തി, നിയോജകമണ്ഡലം എന്നിവ സഹിതം വിശദമാക്കുമോ;

(ഡി) ഈ പ്രവൃത്തികൾ ഇൻസ്പെക്ഷൻ പൂർത്തിയാക്കി നടപടികൾ എന്ന് പൂർത്തിയാകും എന്നത് വ്യക്തമാക്കുമോ;

(ഇ) സമയബന്ധിതമായി കരാറുകാരുടെ ബിൽ പെയ്മെന്റ് നടക്കാത്തതിനാൽ എം. എൽ. എ. – എസ്. ഡി. എഫ്. പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മുന്നോട്ടുവരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം എം. എൽ. എ. – എസ്. ഡി. എഫ്. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ തടസ്സവും കാലതാമസവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ അടിയന്തര നടപടികളുണ്ടാകുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>എം. എൽ.എ -എസ്. ഡി. എഫ് മാർഗ്ഗ രേഖകൾ അനുസരിച്ച് വിദ്യാലയങ്ങളിൽ പദ്ധതികൾ</u>

5381 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ.എ- എസ്. ഡി. എഫ് മാർഗ്ഗ രേഖകൾ അനുസരിച്ച് വിദ്യാലയങ്ങളിൽ എന്തെല്ലാം പദ്ധതികൾക്ക് തുക വിനിയോഗിക്കാം എന്നത് വിശദമാക്കാമോ;

(ബി) സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുമ്പോൾ സ്കൂൾ മേധാവികൾക്ക് നേരിട്ട് ടെണ്ടർ മാനദണ്ഡങ്ങൾ പാലിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ വിദ്യാലയങ്ങളിൽ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പാലിക്കണമെന്നും അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാം എന്നും സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പ്രാദേശികമായി മുൻഗണനയുള്ള ചെറുകിട പദ്ധതികൾ</u>

5382 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി മുൻഗണനയുള്ള ചെറുകിട പദ്ധതികൾ തദ്ദേശ തലത്തിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയുടെ ഭാഗമായി 2011-12, 2012-13 വർഷങ്ങളിൽ എത്ര പദ്ധതികളാണ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയത്; പഞ്ചായത്ത് തിരിച്ച്, വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രാദേശിക മുൻഗണനയുള്ള ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2014-15 വർഷം ഈ പദ്ധതിയിൽ ഏതെങ്കിലും പ്രവൃത്തികൾ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രാദേശിക മുൻഗണന ചെറുകിട പദ്ധതികൾ നടപ്പാക്കുന്നതിന് നിയമസഭ സാമാജികർ നൽകുന്ന ശുപാർശ/അപേക്ഷ അനുസരിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സമഗ്ര അപകട ഇൻഷ്വറൻസ് പദ്ധതി</u>

T5383 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിൽ പരുക്കേൽക്കുന്നവരുടെ എണ്ണത്തിൽ രാജ്യത്ത് മുൻനിരയിലാണ് കേരളം എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അപകടങ്ങളിൽപ്പെടുന്നവരിൽ പലർക്കും വലിയ ചെലവ് വരുന്ന അപകട ചികിത്സകൾ നടത്തുവാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ സ്ഥാപനങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതുവെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് ഇൻഷ്വറൻസ് തുക നിഷേധിക്കുന്ന സാഹചര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ഒരു സമഗ്ര അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

നബാർഡിന്റെ സഹായത്തോടെ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ

5384 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

5385 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ, അംഗീകരിച്ച ആശുപത്രികളിൽ നിശ്ചിത രോഗങ്ങൾക്കോ അല്ലാതെയോ ഉള്ള ചികിത്സയ്ക്ക്, പ്രത്യേക ഉത്തരവിലൂടെ പണം അനുവദിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ അനുവദിച്ചവരുടെ പേരും വിലാസവും അനുവദിച്ച തുകയും ആശുപത്രി, രോഗവിവരം ഉൾപ്പെടെ വിശദമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>

5386 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'കാരുണ്യ ബെനവലന്റ്' പദ്ധതിയിൽ നിന്നും രോഗികൾക്കാവശ്യമായ ധനസഹായം അനുവദിക്കുന്നതിന് പുറമേ മറ്റെന്തെങ്കിലും സൗകര്യങ്ങൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് കാരുണ്യവഴി സ്വരൂപിക്കുന്ന തുക വിനിയോഗിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന്
കുടിശ്ശികയിനത്തിൽ നൽകേണ്ട തുക</u>

5387 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും രോഗികൾക്ക് അനുവദിച്ച ചികിത്സാധനസഹായം ഇനത്തിൽ ആശുപത്രികൾക്ക് എത്ര രൂപ നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം ആശുപത്രികൾക്ക് എത്ര തുക വീതം ഏത് തീയതി മുതൽ നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) കുടിശ്ശികയിനത്തിൽ ആശുപത്രികൾക്ക് നൽകേണ്ട തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>പാലക്കാട് ജില്ലയിൽ കാരുണ്യ ബെനവലന്റ് പദ്ധതി</u>

5388 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷം പാലക്കാട് ജില്ലയിൽ കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര അപേക്ഷകളാണ് 2013-14 വർഷം ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര അപേക്ഷ പരിഗണിച്ചു ;

(സി) ഏതെല്ലാം ആശുപത്രികളെയാണ് പാലക്കാട് ജില്ലയിൽ കാരുണ്യ ബെനവെലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുവാൻ ആലോചനയുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറി മേഖലയിലെ പ്രതിസന്ധി</u>

5389 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ അന്യ സംസ്ഥാനത്ത് ചൂതാട്ടം പോലെ ഉപയോഗപ്പെടുത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവൃത്തികൾ സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യതയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ലോട്ടറി മേഖലയിൽ പ്രതിസന്ധിയുണ്ടാകുന്ന തരത്തിൽ അധികൃതർ പരിഷ്കാരങ്ങൾ വരുത്തുന്നത് ഈ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ലോട്ടറി മേഖലയിൽ പ്രവർത്തിക്കുന്ന വികലാംഗർക്കും അവശതയനുഭവിക്കുന്ന സാധാരണക്കാർക്കും വിൽക്കുന്നതിന് യഥേഷ്ടം ടിക്കറ്റുകൾ ലഭ്യമാകുന്നില്ല എന്ന ആക്ഷേപത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ഭാഗ്യക്കുറി സമ്മാനഘടനയിൽ പരിഷ്ക്കരണങ്ങൾ</u>

5390

ശ്രീ. ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ലോട്ടറി സമ്മാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുമുഖേന വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) എന്നുമുതലാണ് ഭാഗ്യക്കുറി സമ്മാനഘടനയിൽ പരിഷ്ക്കരണങ്ങൾ നിലവിൽ വന്നിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ഇടക്കാലാശ്വാസത്തിന് നിവേദനം

5391 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാലാശ്വാസം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെല്ലാമാണ് പ്രസ്തുത നിവേദനങ്ങൾ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ആയതിൻമേൽ നാളിതുവരെ സ്വീകരിച്ചുവന്നിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>നാഷണൽ പെൻഷൻ സ്കീം</u>

T5392 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31 വരെ എത്ര ജീവനക്കാർ നാഷണൽ പെൻഷൻ സ്കീമിൽ അംഗമായിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്ന് എത്ര രൂപ ഈടാക്കിയിട്ടുണ്ട്;

(സി) ഇക്കാര്യത്തിൽ മാച്ചിംഗ് ഗ്രാന്റ് ആയി എത്ര രൂപ സർക്കാർ ഒടുക്കിയിട്ടുണ്ട്?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

2006 ന് മുമ്പ് വിരമിച്ച എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് പെൻഷൻ കുടിശ്ശിക

5393 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2006-ന് മുമ്പ് വിരമിച്ച എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് 2006 മുതൽ 2009 വരെയുള്ള പെൻഷൻ കുടിശ്ശിക ലഭിക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

2013 മാർച്ച് 31 വരെ സർവ്വീസിലുണ്ടായിരുന്നവർക്ക് പുതിയ തസ്തികയിലേക്ക് നിയമനം ലഭിച്ചാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ

5394 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് 31 വരെ സർവ്വീസിലുണ്ടായിരുന്നവർക്ക് പുതിയ തസ്തികയിലേക്ക് 2013 ഏപ്രിൽ 1 ശേഷം നിയമനം ലഭിച്ചാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിർത്തി ഓപ്ഷൻ നൽകാമെന്ന ജി. ഒ. (പി) 209/2013/എഫ്. ഡി തീയതി 07.05.2013 പ്രകാരം ഒരാൾക്ക് എത്ര പ്രാവശ്യം സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിർത്തിക്കൊണ്ട് വകുപ്പുകൾ മാറി പുതിയ നിയമനങ്ങൾ നേടാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ ഉത്തരവ് പ്രകാരമുളള ഒറ്റ പ്രാവശ്യം മാത്രം ഓപ്ഷൻ എന്ന അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>2006 നു മുൻപ് വിരമിച്ച എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ പെൻഷൻ കുടിശ്ശിക</u>

5395 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 നു മുൻപ് വിരമിച്ച എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ പെൻഷൻ കുടിശ്ശിക കൊടുക്കുവാനുണ്ടോ;

(ബി) എന്നു മുതലുള്ള പരിഷ്കരിച്ച പെൻഷൻ കുടിശ്ശികയാണ് കൊടുത്തത്;

(സി) ഇനി ഏതു കാലഘട്ടത്തിലെ കുടിശ്ശികയാണ് കൊടുക്കുവാനുള്ളത്;

(ഡി) 2006 മുതൽ 2009 വരെയുള്ള പരിഷ്കരിച്ച പെൻഷൻ കുടിശ്ശിക നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഇ) 2006 നു ശേഷം വിരമിച്ചവരുടെ പരിഷ്കരിച്ച പെൻഷൻ കുടിശ്ശിക കൊടുക്കുവാനുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണക്കമ്മീഷനുകൾ</u>

T5396 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആദ്യത്തെ ശമ്പള പരിഷ്കരണക്കമ്മീഷൻ നിലവിൽ വന്നത് ഏത് വർഷമാണെന്ന് അറിയിക്കുമോ;

(ബി) ശമ്പള പരിഷ്കരണത്തിനായി ഇതുവരെ എത്ര കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം സർക്കാരുകളുടെ കാലഘട്ടത്തിലാണ് പ്രസ്തുത ശമ്പള പരിഷ്കരണങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്ന വിവരം അറിയിക്കുമോ;

(ഡി) അഞ്ചുവർഷത്തിലൊരിക്കൽ നടപ്പാക്കേണ്ടിയിരുന്ന ശമ്പളപരിഷ്കരണം യഥാസമയം നടപ്പിലാക്കാതിരുന്ന കാലഘട്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഇത് നടപ്പിലാക്കാതിരുന്നതെന്ന് അറിയിക്കുമോ;

(ഇ) ഇപ്പോൾ നിയമിച്ചിട്ടുള്ള ശമ്പളക്കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>പേ റിവിഷന്‍ അനോമലി ടേംസ് ഓഫ് റഫറന്‍സില്‍ ഉള്‍പ്പെടുത്തുന്നതിന് നടപടി</u>

5397 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പത്താം ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയമിക്കുയും ടേംസ് ഓഫ് റഫറന്‍സ് അംഗീകരിക്കുകയും ചെയ്തതിനുശേഷം ഏതൊക്കെ വകുപ്പിലെ പേ റിവിഷന്‍ അനോമലി പരിഹരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പേ റിവിഷന്‍ അനോമലികള്‍ പരിഹരിക്കുന്നതിലൂടെ ധനവകുപ്പിന് എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് വിശദമാക്കാമോ;

(സി) പത്താം ശമ്പള പരിഷ്ക്കരണ കമ്മീഷന്‍ നിലവില്‍ വന്നതിനു ശേഷം ധനകാര്യ വകുപ്പ് ശുപാര്‍ശ ചെയ്ത ഏതെങ്കിലും പേ റിവിഷന്‍ അനോമലികള്‍ മന്ത്രിസഭാ യോഗം നിരാകരിച്ചിട്ടുണ്ടോ; നിരാകരിച്ചിട്ടുണ്ടെങ്കില്‍ അവ ഏതൊക്കെ തസ്തികയിലാണെന്ന് വിശദമാക്കാമോ;

(ഡി) പത്താം ശമ്പള കമ്മീഷനെ നിയമിച്ചതിനുശേഷം സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായ മറ്റേതെങ്കിലും തസ്തികയുടെ പേ റിവിഷന്‍ അനോമലി പരിഹരിച്ചിട്ടുണ്ടോ; പരിഹരിച്ചിട്ടുണ്ടെങ്കില്‍ അവ ഏതൊക്കെ തസ്തികയിലാണെന്ന് വ്യക്തമാക്കാമോ; എങ്കില്‍ എന്ത് അടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ;

(ഇ) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതല്‍ സെക്ഷന്‍ ഓഫീസര്‍ വരെയുള്ള തസ്തികയിലെ പേ റിവിഷന്‍ അനോമലി പരിഹരിക്കുന്ന കാര്യം ടേംസ് ഓഫ് റഫറന്‍സില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കില്‍ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>വാണിജ്യനികുതി വകുപ്പിന്റെ ആംനസ്റ്റി പദ്ധതി</u>

5398 ശ്രീ.ഡൊമിനിക് പ്രസന്റേഷന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, വി. ഡി. സതീശന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാണിജ്യനികുതി വകുപ്പ് ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതി മുഖേന വ്യാപാരികള്‍ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാന്‍ ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>മണൽഖനനം വഴി വാണിജ്യ നികുതി വരുമാനം</u>

5399 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന മണൽഖനനം വഴി ഖജനാവിലേക്ക് വാണിജ്യ നികുതി ഇനത്തിൽ വരുമാനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശതകോടികളുടെ കച്ചവടം നടന്നിട്ടും സാമ്പത്തിക അസന്തുലിതാവസ്ഥയും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടായിട്ടും സർക്കാർ ഇടപെടൽ ഫലം കാണുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വിൽപന നികുതി കുടിശ്ശിക</u>

5400 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 വർഷത്തിൽ എത്ര വിൽപന നികുതി കേസുകളിൽ സർക്കാർ സ്റ്റേ അനുവദിച്ചു; വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>നികുതിയേതര വരുമാന സ്രോതസ്സുകൾ</u>

5401 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നികുതിയേതര വരുമാന സ്രോതസ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2006-2007 മുതൽ 2013-2014 വരെയുള്ള വർഷങ്ങളിലെ നികുതിയേതര വരുമാനത്തിന്റെ പട്ടിക ലഭ്യമാക്കുമോ;

(സി) 2006-2007 മുതൽ 2013-2014 വരെയുള്ള വർഷങ്ങളിലെ നികുതിയേതര വരുമാനത്തിന്റെ വളർച്ചത്തോത് ശതമാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വിൽപ്പന നികുതിയിനത്തിലെ വരുമാനം</u>

5402 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന ഇനം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) 2006-07 മുതലുള്ള ഓരോ സാമ്പത്തിക വർഷവും (2013-14 വരെയുള്ളത്) മൂല്യ വർദ്ധിത നികുതി അടക്കമുള്ള വിൽപ്പന നികുതി എത്ര ശതമാനം കണ്ട് വളർച്ച പ്രാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) 2006-07 മുതൽ 2013-14 വരെ മൂല്യ വർദ്ധിത നികുതി അടക്കമുള്ള വിൽപ്പന നികുതി ഇനത്തിൽ എത്ര തുക വീതം ഓരോ വർഷവും നികുതി വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>നികുതി പിരിച്ചെടുക്കുന്നതിന് പ്രത്യേക അദാലത്തുകൾ</u>

5403 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ എത്ര കോടി രൂപ അധിക നികുതി വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷം നികുതിയിനത്തിൽ ഏറ്റവും കൂടുതൽ തുക ഈടാക്കിയ സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാം എന്നും എന്തു തുക നികുതിയിനത്തിൽ ഓരോ സ്ഥാപനത്തിൽ നിന്നും ഈടാക്കിയെന്നും വ്യക്തമാക്കുമോ;

(സി) ഭൂനികുതി, വസ്തു നികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയവ പിരിച്ചെടുക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഈ നടപ്പു വർഷം സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നടപ്പുവർഷം നികുതിയിനത്തിൽ എത്ര തുക പിരിച്ചെടുക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ആയതുപ്രകാരം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി എന്ത് തുക ഈയിനത്തിൽ പിരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര ജില്ലാ ട്രഷറിക്ക് കെട്ടിടം</u>

5404 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കൊട്ടാരക്കര ജില്ലാ ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കെ. ഐ. പി വക സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോ; കിട്ടിയിട്ടുണ്ടെങ്കിൽ എന്നാണ് സ്ഥലം വിട്ടുകിട്ടിയത്; കെട്ടിട നിർമാണത്തിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) കൊട്ടാരക്കര ജില്ലാ ട്രഷറിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>എടത്വ സബ് ട്രഷറി കെട്ടിട നിർമ്മാണം</u>

5405 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടത്വ സബ് ട്രഷറി കെട്ടിട നിർമ്മാണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കരാർ കാലാവധി കഴിഞ്ഞ കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>നെടുമങ്ങാട് സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി</u>

5406

ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സബ്ട്രഷറി ദീർഘനാളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തം മന്ദിരം നിർമ്മിക്കുന്നതിന് ആവശ്യമുള്ള സ്ഥലം ട്രഷറി വകുപ്പിന് കൈമാറിയിട്ടുണ്ടോ; എത്ര സ്ഥലമാണെന്നും എന്നാണെന്നും വ്യക്തമാക്കുമോ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം തന്നെ പണി ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ചടയമംഗലത്ത് സബ്ട്രഷറിക്ക് പുതിയ കെട്ടിടം</u>

5407 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലത്ത് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; ഇപ്പോൾ ഈ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. നേരിടുന്ന പ്രതിസന്ധി

5408 ശ്രീ. എ.കെ. ബാലൻ
'' പുരുഷൻ കടലുണ്ടി
'' കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
'' ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഇപ്പോൾ വൻതകർച്ചയിലാണെന്ന ആക്ഷേപം സർക്കാരിനറിയാമോ; എങ്കിൽ വികസനത്തിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര നിയമത്തിനനുസരിച്ച് ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ കെ.എസ്.എഫ്.ഇ.ക്ക് സംരക്ഷണം ഉറപ്പുവരുത്താത്തത് സ്വകാര്യ ചിട്ടി സംരംഭകരോടുള്ള താല്പര്യംമൂലമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) ചിട്ടി രജിസ്ട്രേഷൻ ഫീസുകളും അനുബന്ധചാർജ്ജുകളും ഉയർത്തിയത് കെ.എസ്.എഫ്.ഇ.യെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.എഫ്.ഇ.യുടെ ഈ വർഷത്തെ ലക്ഷ്യവും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ.യുടെ പുതിയ പദ്ധതികൾ

5409 ശ്രീ. എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, പി.കെ. ബഷീർ
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കി നിലനിർത്താൻ പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.യുടെ പ്രതിവർഷ ശരാശരി വരവും ചെലവും സംബന്ധിച്ച് വിശദമാക്കുമോ;

(സി) സാധാരണക്കാരെ ബ്ലേഡ് പലിശക്കാരുടെ കെണിയിൽനിന്നും രക്ഷിക്കാനുതകുന്ന വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രദ്ധിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ വിരമിക്കൽ പ്രായം</u>

5410

ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ നിലവിലെ പെൻഷൻ പ്രായം ഉയർത്താൻ വേണ്ടി കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിൽ ഏതെങ്കിലും തരത്തിലുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.യുടെ നിലവിലെ ഘടനയിൽ മാറ്റം വരുത്താൻ വേണ്ടി മാനേജ്മെന്റ് പുതിയ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഇതിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.യ്ക്ക് നിലവിൽ മുഴുവൻ സമയ പ്രവർത്തകനായ മാനേജിംഗ് ഡയറക്ടർ ഉണ്ടോ; തൽസ്ഥാനത്ത് ഒരു സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിലെ
ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ

5411 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെങ്കിലും സ്ഥാപനത്തിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായശേഷം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എവിടെല്ലാം; ഇവരുടെ നിയമനത്തിന് ഏതു മാനദണ്ഡമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായയിടങ്ങളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ പിൻവലിക്കുമെന്ന് ഉറപ്പു നൽകിയിരുന്നോ; എങ്കിൽ ഈ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. ചിട്ടി നഷ്ടത്തിലാണെന്ന കാര്യം</u>

5412 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സി & എ.ജി. ആഡിറ്റ് റിപ്പോർട്ട് പ്രകാരം കെ.എസ്.എഫ്.ഇ. ചിട്ടി നഷ്ടത്തിലാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് കാരണമായത് അനാവശ്യമായ ടാർജറ്റ് ഓരോ ബ്രാഞ്ചിന്റെയും മേൽ അടിച്ചേൽപ്പിക്കുന്നതും അതുമൂലം ഡിഫാൾട്ടേഴ്സ് കൂട്ടുന്നതുമാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) ചിട്ടി അടിയ്ക്കുന്നവർക്കുള്ള പണം നൽകുന്നത് ഇത്തരത്തിലുള്ള ഡിപ്പോസിറ്റുകൾ വിനിയോഗിച്ചാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. വായ്പ അനുവദിക്കുന്നത്

5413 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ മൊത്തം നിക്ഷേപ - ലോൺ അനുപാതം എത്രയാണെന്നു പറയുമോ ; ഈ നിർദ്ദിഷ്ട റേഷ്യോ പാലിച്ചുകൊണ്ടാണോ സംസ്ഥാന വ്യാപകമായി കെ.എസ്.എഫ്.ഇ. വായ്പ അനുവദിക്കുന്നത് എന്നു പറയുമോ ; മൊത്തം ഡിപ്പോസിറ്റ് തുകയുടെ എത്ര ശതമാനം നിലവിൽ വായ്പയായി നൽകിയിട്ടുണ്ടെന്നു പറയുമോ ;

(ബി) ചിട്ടി തവണ മുടക്കുന്നവരുടെ എണ്ണം കൂടിവരുന്നതിനാൽ ചിട്ടി അടിയ്ക്കുന്നവർക്ക് പണം നൽകാൻ ഡിപ്പോസിറ്റ് തുക വ്യാപകമായി ഉപയോഗിക്കുകയാണെന്നും വായ്പകൾ നൽകുന്നത് കുറവാണെന്നുമുള്ള കാര്യം ശരിയാണോയെന്ന് വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.എഫ്.ഇ. ഡിപ്പോസിറ്റ് തുകയിൽ ലോൺ നൽകുന്നതിന്റെ ബാക്കി തുക എന്തിനാണ് വിനിയോഗിക്കുന്നത് എന്നു വ്യക്തമാക്കുമോ ;

(ഡി) ഈ കാരണങ്ങളുടെ പേരിൽ വരും നാളുകളിൽ കെ.എസ്.എഫ്.ഇ. സാമ്പത്തിക പ്രതിസന്ധിയെ നേരിടുമെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ യിൽ ഡോർ കളക്ഷൻ - കം - കാൻവാസിംഗ് ഏജന്റ്

5414 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസിൽ ഡോർ കളക്ഷൻ-കം-കാൻവാസിംഗ് ഏജന്റുമാർക്ക് കമ്മീഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) കളക്ഷന് ആനുപാതികമായി കമ്മീഷൻ ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) കളക്ഷന് ആനുപാതികമായി കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ പുതിയ ശാഖകൾ

5415 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം കെ.എസ്.എഫ്.ഇ. യുടെ എത്ര പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ട്; ഇവയിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; റീജിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ചില ജില്ലകളിൽ കെ.എസ്.എഫ്.ഇ ശാഖകൾ ആരംഭിച്ചത് വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിലല്ലെന്നത് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ശാഖകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) അഞ്ചുലക്ഷം രൂപയുടെ പോലും ചിട്ടിസല രജിസ്റ്റർ ചെയ്യാത്ത ശാഖകൾ ഉണ്ടോ; എങ്കിൽ അത് എവിടെയെല്ലാമാണെന്നും എപ്പോൾ ആരംഭിച്ചവയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി</u>

5416 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യം ബന്ധപ്പെട്ട ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ജീവനക്കാരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന്റെ നിയമാവലി

5417 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാപ്പിളകലാ അക്കാഡമിയായി അപ്ഗ്രേഡ് ചെയ്ത മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന്റെ നിയമാവലി അക്കാഡമി കമ്മിറ്റി തയ്യാറാക്കി സാംസ്കാരിക വകുപ്പിന് സമർപ്പിച്ചത് പരിശോധനയ്ക്കും അംഗീകാരത്തിനും വേണ്ടി നിയമവകുപ്പിലേക്ക് അയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമാവലിക്ക് നിയമവകുപ്പിന്റെ അംഗീകാരം കിട്ടാത്തതുമൂലം പ്ലാനിംഗ് ബോർഡിൽ നിന്നും അക്കാദമിക്ക് 2013-14 വർഷത്തിൽ പ്ലാൻ ഫണ്ട് ലഭിക്കാത്തകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) എങ്കിൽ നിയമാവലിക്ക് നിയമവകുപ്പ് ഉടൻ അംഗീകാരം നൽകുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>നിര്‍മ്മിതി കേന്ദ്രത്തിന്റെ പുനരുദ്ധാരണം</u>

5418 ശ്രീ. ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്
,, ബെന്നി ബെഹനാന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍മ്മിതി കേന്ദ്രം പുനരുദ്ധരിക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങള്‍ക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>നിര്‍മ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുള്ള നടപടികള്‍</u>

5419 ശ്രീ. പി.സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാന്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാധാരണ ജനങ്ങള്‍ക്ക് ഭവന നിര്‍മ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങള്‍ക്ക് ഉതകത്തക്കവിധം നിര്‍മ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങള്‍ക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് നിർമ്മിച്ചു നൽകാൻ പദ്ധതി</u>

5420 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ബോർഡുവഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് എവിടെ അപേക്ഷ നൽകണമെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ഭവനപദ്ധതികളിലെ നിബന്ധനകൾ

5421 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100% സബ്സിഡിയുള്ള ഭവനപദ്ധതികൾ ഏതെല്ലാമാണ്;

(ബി) തിരിച്ചടക്കേണ്ട ഭവനപദ്ധതികൾ ഏതൊക്കെയാണ്; ഇവയുടെ പലിശ, തിരിച്ചടവ് കാലാവധി എന്നിവ വിശദമാക്കുമോ;

(സി) തിരിച്ചടയ്ക്കേണ്ട ഭവനവായ്പകൾക്ക് പലിശ കൂടുതലാണെന്നും, സാധാരണക്കാരന് താങ്ങാൻ കഴിയുന്നില്ലെന്നും ഇതുമൂലം ഭവനലോണുകൾ എൻ.പി.എ. ആകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 5% പലിശനിരക്കിൽ ഭവനപദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- ഭവന നിർമ്മാണത്തിന് സഹായം</u>

T5422 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം വിതരണം ചെയ്ത ഭൂമിയിൽ ഉപഭോക്താക്കൾ വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) വിതരണം ചെയ്ത ഭൂമിയിൽ ഭവന നിർമ്മാണത്തിനായി സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച തുക</u>

5423 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കോടി രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ബോർഡിന് സംസ്ഥാനത്ത് എവിടെയൊക്കെ വീടുകൾ, ഫ്ളാറ്റുകൾ, മറ്റ് കെട്ടിടങ്ങൾ ഉണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതുവരെ വിൽക്കാതെയോ വാടകയ്ക്ക് നൽകാതെയോ ഉള്ള എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും അത് ഏതൊക്കെയാണെന്നും അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ബോർഡിന്റെ നിലവിലെ ആസ്തി, ബാധ്യതകൾ എന്നിവ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പാവപ്പെട്ട ആളുകൾക്ക് സ്വന്തമായി വീട്</u>

5424 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട ആളുകൾക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെ; പദ്ധതിക്കായി ഫണ്ട് കണ്ടെത്തുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പദ്ധതി എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെ; ഈ സ്കീം വഴി എത്ര പേർക്ക് വീട് നൽകാൻ കഴിഞ്ഞു; വീടിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണ്?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഭവനരഹിതരെ സഹായിക്കാൻ പദ്ധതി</u>

5425 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിനും ഇവർക്ക് വീട് വച്ചു നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇതിനായി ഫലപ്രദമായ മറ്റെന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഭവനപദ്ധതി ഗുണഭോക്തൃ ലിസ്റ്റ്</u>

5426 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ പദ്ധതി, എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, പത്രപ്രവർത്തക ഭവന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കളുടെ നിയോജക മണ്ഡലം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ സാഫല്യം ഭവന പദ്ധതി</u>

5427 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സാഫല്യം ഭവന പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ സാഫല്യം ഭവന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷം നിർമ്മിച്ച വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2013-14 ൽ മാവേലിക്കര മണ്ഡലത്തിൽ സാഫല്യം പദ്ധതി പ്രകാരം അനുമതി നൽകിയ വീടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇവയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിൽ സാഫല്യം പദ്ധതി</u>

5428 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൾ നിയോജക മണ്ഡലത്തിൽ 'സാഫല്യം' ഭവന പദ്ധതി പ്രകാരം ആകെ എത്ര വീടുകൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണത്തിലെ അധികച്ചെലവ്
കുറയ്ക്കുന്നതിന് നടപടികൾ</u>

5429 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിലെ അധികച്ചെലവ് കുറയ്ക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് എന്തെങ്കിലും നയങ്ങളോ നിർദ്ദേശങ്ങളോ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പാവപ്പെട്ടവർക്കുള്ള ഭവന പദ്ധതികൾ ഫ്ളാറ്റ് ടൈപ്പുകളാക്കിയാൽ സാമ്പത്തിക ചെലവ് കുറയ്ക്കുവാനും ഭൂമി പരമാവധി പ്രയോജനപ്പെടുത്തുവാനും കഴിയുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; അപ്രകാരമുള്ള മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ എന്ന് പറയുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>മൈക്രോ ബയോളജിസ്റ്റ് തസ്തിക</u>

5430 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനലിറ്റിക്കൽ ലാബുകളിലെ മൈക്രോ ബയോളജി വിഭാഗത്തിൽ നിലവിലുള്ള രണ്ട് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകൾ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന വിധത്തിൽ മൈക്രോ ബയോളജിസ്റ്റ് തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശുപാർശയ്ക്ക് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട 39866/എച്ച് & എൽ/ബി1/14/ഫിൻ നമ്പർ ഫയലിൽ ആരോഗ്യ വകുപ്പിന്റെ ശുപാർശയ്ക്ക് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കാലടി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ എക്സ്റേ മെഷീൻ</u>

5431 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും 19.04.2013 ൽ 25 ലക്ഷം രൂപയ്ക്ക് ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിട്ട് പ്രസ്തുത മെഷീൻ വാങ്ങുന്നതിനായി തുക ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഈ തുക എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഇലക്ട്രിക് പൊതുശ്മശാനം</u>

5432 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ കാനാറയിൽ ഇലക്ട്രിക് പൊതുശ്മശാനം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യു വകുപ്പ് ധനകാര്യവകുപ്പിന് അയച്ച 14/Fin(Exp A2) ഫയലിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(ബി) പ്രസ്തുത ഫയലിൻമേൽ തീർപ്പുണ്ടാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫയലിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ആർ. നാരായണൻ കമ്മീഷന്റെ അന്വേഷണ പരിധിയിലുള്ള വിഷയങ്ങൾ

5433 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കമ്മീഷനുകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നിയമിക്കപ്പെട്ട ആർ. നാരായണൻ കമ്മീഷന്റെ അന്വേഷണ പരിധിയിലുള്ള വിഷയങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ ഉപഭോക്തൃ ഫോറം മെമ്പർമാരുടെ വേതനത്തെ സംബന്ധിച്ച വിഷയങ്ങൾ പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ വരുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

28641/ഫിൻ/2014/എൻ. സി. ബി2 നമ്പർ ഫയൽ മടക്കാനുള്ള കാരണം

5434 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ധനകാര്യവകുപ്പിലെ 28641/ഫിൻ/2014/എൻ. സി. ബി2 നമ്പർ ഫയൽ ധനകാര്യവകുപ്പിൽ ലഭിച്ചത് എന്നാണെന്ന് പറയാമോ; പ്രസ്തുത ഫയലിൽ എത്ര റോഡുകളുടെ നിർദ്ദേശമാണ് ഉണ്ടായിരുന്നത് എന്നു പറയാമോ; ഫയൽ ധനകാര്യവകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ചത് എന്നായിരുന്നു എന്നും ഫയൽ മടക്കിയത് എന്നായിരുന്നു എന്നും വ്യക്തമാക്കുമോ; പ്രസ്തുത ഫയലിൽ പ്രതിപാദിക്കുന്ന റോഡുകൾ ഏതെല്ലാമായിരുന്നുവെന്നും ഫയലുകൾ മടക്കാനുണ്ടായ കാരണം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ?